# ലോകരാഷ്ട്രങ്ങളുടെ ഭാവി

A. K. വർഗ്ഗീസ് M. A., M. A. (Bi.), M. A. (Ed.)

അലറി ഇരമ്പുന്ന അലയാഴിയെപ്പോലെ ലോകരാഷ്ട്രങ്ങൾ ഇരമ്പിയടുക്കുന്നു. പെട്ടെന്ന് അകലുന്നു. അനിശ്ചിതത്വത്തിന്റെ കാർമേഘപാളികൾ അങ്ങകലെ ചക്രവാളത്തിൽ അടിഞ്ഞുകൂടുകയാണ്. എവിടെയും രോഷം എവിടെയും ദ്വേഷം. ഒന്നും ഒരിടത്തും സാധിക്കുന്നില്ല. പ്രതീക്ഷകൾ തകരുന്നു. സ്വപ്നങ്ങൾ കൊഴിയുന്നു. രാഷ്ട്രങ്ങൾ ഭരണസംവിധാനങ്ങൾ ഒന്നൊന്നായി കൈമാറിനോക്കുന്നു. തൃപ്തിവരാഞ്ഞിട്ട് പിന്നെയും കൈമാറുന്നു. കാര്യമായി ഒന്നും നേടുന്നില്ല. പാശ്ചാത്യപൗരസ്ത്യ മദ്ധ്യപൂർവ്വദേശങ്ങളിൽ ഭരണത്തിന്റെ കൈവിലങ്ങുകൾ പൊട്ടിവീഴുന്നു. ജനാധിപത്യം പട്ടാളമേധാവിത്വത്തിനും പട്ടാളഭരണം ജനകീയഭരണത്തിനും വഴിമാറിക്കൊടുക്കുന്നു. എന്നിട്ടും നേടേണ്ടുന്നതു നേടുന്നില്ല. തേടേണ്ടുന്നതു തേടുന്നില്ല. എവിടെയോ ഒരു പന്തികേട്. രാജ്യതന്ത്രജ്ഞന്മാർ തലപുകഞ്ഞാലോചിക്കുന്നു. രാഷ്ട്രവിജ്ഞാനികൾ ആശയങ്ങൾ അയവിറക്കുന്നു. പ്രശ്നങ്ങളുടെ വലിയ ഘോഷയാത്രയാണു കാണുന്നത്.

ഇത്തരുണത്തിൽ പ്രവാചകവരേണ്യനായ യെശയ്യാവിന്റെ വാക്കുകൾ ഓർത്തുപോവുകയാണ്. "അന്ധകാരം ഭൂമിയേയും കൂരിരുട്ട് രാഷ്ട്രങ്ങളേയും മൂടുന്നു" (യെശ. 60:2).

ചരിത്രാതീതകാലംമുതൽതന്നെ ഒരു 'നല്ല നാളെ'യെക്കുറിച്ചു മനുഷ്യൻ സ്വപ്നംകണ്ടുകൊണ്ടിരിക്കയായിരുന്നു. പക്ഷേ, ആ 'സുദിനം' ഇനിയും മനുഷ്യർ കണ്ടെത്തിയില്ല. ആ 'ഉട്ടോപ്യ'ക്കുവേണ്ടി അനേകർ ജീവിതം ഉഴിഞ്ഞുവച്ചു. ദാർശനികന്മാർ, താത്വികന്മാർ, രാഷ്ട്രതന്ത്രജ്ഞന്മാർ, രാജാക്കന്മാർ, സാമ്രാട്ടുകൾ എല്ലാം എല്ലാം നോ

ക്കി. പരാജയത്തിന്റെ പല്ലവി പാടി അവർ രംഗത്തു നിന്നു മാറി. രാഷ്ട്രങ്ങൾ ഏന്നിവയും രംഗത്തുണ്ട്. പാശ്ചാത്യപൗരസ്ത്യരംഗങ്ങളിൽ അസ്വസ്ഥതയുടെ കൊടുങ്കാററ് ആഞ്ഞടിക്കുമ്പോൾ രാഷ്ട്രങ്ങൾ രണ്ടുചേരികളിലായി കൂട്ടംകൂടുകയാണ്. ഈ രാഷ്ട്രങ്ങൾ എങ്ങോട്ട്? രാഷ്ട്രങ്ങളുടെ ഭാവിയിലേയ്ക്കു വിരൽചൂണ്ടുവാൻ വല്ല രേഖകളുമുണ്ടോ? ഈ ചോദ്യങ്ങൾക്കു ബൈബിൾ അഥവാ ദൈവവചനം എന്തു മറുപടി പറയുന്നു എന്നു സമഗ്രമായി പരിശോധിക്കാം.

## ലോകജനത

അപ്പോസ്തലനായ പൗലോസ് ലോകജനതയെ മൂന്നായി വിഭജിക്കുന്നു. യഹൂദൻ, ജാതി, ദൈവസഭ. 1 കൊരി. 10:32. ആധുനികഭാഷയിൽ വിശകലനംചെയ്താൽ യിസ്രായേൽ, ഇതര രാഷ്ട്രങ്ങൾ, ക്രിസ്തുസഭ. ഇതിൽ ആദ്യത്തെ രണ്ടു പദങ്ങളാണ് ലോകരാഷ്ട്രങ്ങളോടു ബന്ധപ്പെട്ടു കിടക്കുന്നതു്. ഏകനിൽനിന്നു മനുഷ്യവർഗ്ഗത്തെ മുഴുവൻ രൂപപ്പെടുത്തിയ വലിയവനായ ദൈവം തന്റെ നാമത്തിന്റെ മഹത്വത്തിനായി അബ്രാഹാമിൽകൂടി ഒരു ജാതിയെ രൂപപ്പെടുത്തുന്നു. ഉല്പ. 12:2; 13:15. ഇവരാണു യിസ്രായേൽജനതയായി ഇന്നു് അറിയപ്പെടുന്നതു്. ഈ ജനതയെ ചുററിപ്പററി മററുപല രാഷ്ട്രങ്ങളെ നമുക്കു കാണുവാൻ കഴിയും.

## ജാതികളുടെ കാലം

യഹൂദാ ബാബേൽപ്രവാസത്തിലേയ്ക്കു പോകുന്നതോടുകൂടി ലോകരാഷ്ട്രങ്ങളുടെ ചരിത്രത്തിൽ ഒരു പ്രത്യേക കാലഘട്ടം തുടങ്ങുകയാണ്. തിരുവചനത്തിൽ അതു പ്രത്യേകാൽ രേഖപ്പെടുത്തിയിരിക്കുകയാണ്. ലൂക്കോസ് 21:24–ൽ ജാതികളുടെ കാലം (Times of Gentiles) എന്നു പറയുന്നതു് ഈ കാലഘട്ടത്തെക്കുറിച്ചാണ്. ഈ 'കാലം' തുടങ്ങുന്നതു് ബാബേൽരാജാവായ നെബൂഖദ്നേസർ രം

ഷ്ട്രങ്ങളുടെ ആത്യന്തികപതനം സംഭവിക്കുന്നതു് 45-ാം വാക്യത്തിൽ പ്രസ്താവിക്കുന്നു. കൈതൊടാതെ ഒരു കല്ലു പർവ്വതത്തിൽനിന്നു പറിഞ്ഞുവന്നു ബിംബത്തെ തകർത്തുകളയുന്നു. മാനുഷികപ്രവർത്തനംകൂടാതെ ഭരണസംവിധാനത്തിൽ ഒരു വലിയ വ്യത്യാസം ഉണ്ടാകാൻ പോകുന്നതിനെക്കുറിച്ചു സൂചിപ്പിക്കുന്നു. "അവന്റെ രാജത്വം നിത്യരാജത്വമാണു്". അതു കർത്താവു് സ്ഥാപിക്കുക തന്നെചെയ്യും. അതോടുകൂടി "ജാതികളുടെ കാലം" ലോകരാഷ്ട്രങ്ങളുടെ ഇന്നത്തെനിലക്കു സമൂലമാററം വരിക തന്നെചെയ്യും.

## ആധുനികരാഷ്ട്രങ്ങളിലേയ്ക്കു്

കഴിഞ്ഞ ഇരുപത്തുനൂററാണ്ടുകളിലെ ലോകരാഷ്ട്രങ്ങളുടെ ചരിത്രം മനുഷ്യപ്രയത്നത്തിന്റെ പരാജയചരിത്രമാണു്. രാഷ്ട്രം രാഷ്ട്രത്തോടു പടപൊരുതുകയാണു്. വ്യക്തമായി നിരൂപിക്കുകയാണു്. രണ്ടാംസങ്കീർത്തനം രാഷ്ട്രങ്ങളുടെ നഗ്നചിത്രം അവതരിപ്പിക്കുന്നതു ശ്രദ്ധേയമാണു്. 110-ാംസങ്കീർത്തനം ഒന്നാംവാക്യം പ്രഖ്യാപിക്കുന്നതു കേൾക്കുക. "യഹോവ എന്റെ കർത്താവിനോടു് അരുളിച്ചെയ്യുന്നതു് ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്തു് ഇരിക്ക". ലോകരാഷ്ട്രങ്ങൾ നമ്മുടെ കർത്താവിന്റെ പാദപീഠമണയുന്ന ഒരു കാലഘട്ടം ദൈവികപരിപാടിയിൽ ഉണ്ടെന്നു നിസ്തർക്കം സമ്മതിക്കേണ്ടിയിരിക്കുന്നു.

## ദാനിയേലിലെ 70-ാം ആഴ്ചവട്ടം

യിസ്രായേൽജാതിയുടെ ഭാവികാലചരിത്രത്തിന്റെ ചുരുളുകൾ വലിയവനായ ദൈവം പ്രവാചകവീരനായ ദാനിയേലിനു വെളിപ്പെടുത്തുന്നതു് ദാനി. 9-ന്റെ 20-27 വരെ വാക്യങ്ങളിൽ നമുക്കു വായിക്കുവാൻ കഴിയുന്നു. ആ

കാലഘട്ടത്തെ ഏഴ് ആഴ്ചവട്ടം, 62 ആഴ്ചവട്ടം, ഒരു ആഴ്ചവട്ടം എന്നു മൂന്നായി വിഭജിക്കുന്നു(7+62+1=70). ഇതിൽ ആദ്യത്തെ 69 ആഴ്ചവട്ടം പൂർത്തിയായപ്പോഠം കർത്താവായ യേശുക്രിസ്തു ദാവീദുപുത്രനായി—രാജാവായി—അഭിഷിക്തനായ പ്രഭുവായി—യെരുശലേമിലേയ്ക്കു പ്രവേശിച്ചു. മത്താ. 21;10–11. പക്ഷേ, അവൻ പരിത്യക്തനായ രാജാവായി. 69 ആഴ്ചവട്ടം കഴിയുകയും അഭിഷിക്തൻ ഛേദിക്കപ്പെടുകയുംചെയ്തു. ഇന്നു നാം ജീവിക്കുന്നതു് 69–നും 70–നും ഇടയ്ക്കുള്ള താഴ്വരയിലാണ്. ഇതാണു സഭാകാലയളവു്. കൃപയുടെ സുവിശേഷത്താൽ കർത്താവു തനിക്കായി ഒരു ജനത്തെ ഒരുക്കുന്നു. ആ ഒരുക്കം അതിന്റെ അവസാനനാളുകളിലേയ്ക്കു് അടുത്തുകൊണ്ടിരിക്കയാണ്. കർത്താവിന്റെ മദ്ധ്യാകാശവരവോടുകൂടി തന്റെ സഭ എടുക്കപ്പെടുകയും താൻ വീണ്ടും യിസ്രായേലിനോടു് ഏർപ്പെടുകയുംചെയ്യാൻപോകയാണ്. ഈ കാലഘട്ടം 70–ാം ആഴ്ചവട്ടത്തോടുകൂടി ആരംഭിക്കും. ദാനി. 9;27.

ഈ ആഴ്ചവട്ടമായ 7 സംവൽസരം യിസ്രായേൽരാഷ്ട്രത്തോടും മററുരാഷ്ട്രങ്ങളോടുമുള്ള ബന്ധത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന കാലഘട്ടമാണ്. ഈ കാലഘട്ടമാണു് മത്തായി 24–ലെ പ്രധാനവിഷയം. ഈ കാലഘട്ടത്തിന്റെ വിശദീകരണമാണു് വെളി. 6–19 വരെയുള്ള അദ്ധ്യായങ്ങളുടെ മുഖ്യ ഉദ്ദേശ്യം.

## വരുവാനിരിക്കുന്ന പ്രഭു

ഈ കാലഘട്ടത്തിനു തുടക്കം കുറിക്കുന്നതു് "ഒരു ഉടമ്പടിയുടെ പ്രാബല്യത്തോടു"കൂടിയാണ്. വരുവാനിരിക്കുന്ന പ്രഭുവായ ലോകാധിപതി (അന്തിക്രിസ്തു) യിസ്രായേൽ രാഷ്ട്രവുമായി ഒരു ഉടമ്പടി ബലതരമാക്കും. "He will confirm a covenent with many."

അതിന്റെ ഒരുക്കമാണു് മദ്ധ്യപൂർവ്വദേശത്തു് ഇന്നു നമുക്കു കാണുവാൻ കഴിയുന്നതു്. ഈജിപ്തിലെ പ്രസി

ഡണ്ട് അൻവർ സാദത്തും യിസ്റായേൽ പ്രധാനമന്ത്രി മെനഹം ബഗിനും അമേരിക്കൻ പ്രസിഡണ്ട് ജിമ്മികാർട്ടറുടെ സഹകരണത്തിൽ ക്യാമ്പ് ഡേവിഡിൽ തയ്യാറാക്കിയ രൂപരേഖ മദ്ധ്യപൂർവ്വദേശത്തിലെ യുദ്ധം ഒഴിവാക്കുമോ? സമാധാനം പുനഃസ്ഥാപിക്കുമോ? ഇതൊക്കെ ശ്രദ്ധേയമായ ചോദ്യങ്ങളാണ്.

മാത്രമല്ല, 'ക്യാമ്പ് ഡേവിഡ് സംഭാഷണം' ഈജിപ്തിനെ അറബിരാഷ്ട്രങ്ങളിൽനിന്ന് ഒററപ്പെടുത്തിയതു് ശ്രദ്ധേയമാണ്. അറബിരാഷ്ട്രങ്ങളുടെ ഉച്ചകോടി തിരുവചനവെളിച്ചത്തിൽ പ്രാധാന്യം കുറിക്കുന്നതാണ്. റഷ്യയുടെ പിൻബലം അമിതപ്രാധാന്യമുണ്ടെന്നു സമ്മതിച്ചേതീരൂ. P. L. O. നേതാവ് അറാഫത്തിൻെറ മോസ്ക്കോസന്ദർശനവും റഷ്യൻപ്രധാനമന്ത്രി അലക്സികോസിജിൻെറ സഹകരണവും ശ്രദ്ധേയമാണ്.

## യിസ്റായേലുമായുള്ള ഉടമ്പടി

ഏതു സാഹചര്യത്തിലും ഇന്ന് അല്ലെങ്കിൽ നാളെ യിസ്രായേൽ രാഷ്ട്രവുമായി ഒരുരാഷ്ട്രീയ സന്ധികാലഘട്ടത്തിൻെറ ആവശ്യമായിത്തീരും. ഇന്നു സ്വീകാര്യമല്ലാത്ത ചില വ്യവസ്ഥകൾപോലും യിസ്രായേൽരാഷ്ട്രം നിർബന്ധത്തിൻെറ പേരിൽ സമ്മതിക്കേണ്ടതായും വന്നുചേർന്നേക്കാം. ഇങ്ങനെ രൂപപ്പെടുന്ന ഉടമ്പടി ആയിരിക്കാം വരുവാനുള്ള പ്രഭു ബലതരമാക്കുന്നതു്. വരുവാനുള്ള പ്രഭു ദാനിയേൽപ്രവചനത്തിൽ തുളിക്കന്ന പത്തു കൊമ്പുകളുടെ പ്രയോഗത്തോട് ഒക്കുന്നു. അതിൽ മൂന്നുകൊമ്പു തകരുന്നതായും ഒരു ചെറിയകൊമ്പു പെട്ടെന്നു ഉയർന്നുവരുന്നതായും കാണുന്നു. ഇതു് മെഡിററേനിയൻപ്രദേശത്തുള്ള നിഷ്പക്ഷരാജ്യങ്ങളുടെ രംഗപ്രവേശത്തോടും മെഡിററേനിയൻ കോൺഫിഡറസിയോടും യോജിക്കുന്നു. അങ്ങനെ രാഷ്ട്രീയനില അതിവേഗത്തിൽ വ്യതിചലിച്ചു എന്നു വന്നാൽ ഇന്നത്തെ ശക്തിരാഷ്ട്രീയങ്ങൾക്ക് ഇ

തിൽ അസൂയ തോന്നുവാൻ വളരെ സാദ്ധ്യതയുണ്ട്. അങ്ങനെ ഒരു 'ദുരുപായം' 'വടക്കെ അററത്തെ' രാഷ്ട്രത്തിനു തോന്നാമെന്നു യെഹെസ്കേൽ 38—ൽ നാം കാണുന്നു.

## വരുവാനിരിക്കുന്ന റഷ്യാ—യിസ്രായേൽ സംഘട്ടനം

യെഹെസ്കേൽ പ്രവചനം 38, 39 ഈ അദ്ധ്യായങ്ങൾ വിവരിക്കുന്ന യുദ്ധം വരുവാനിരിക്കുന്ന റഷ്യ യിസ്രായേൽ സംഘട്ടനമാണ്. രണ്ടു ചേരികളായി നിൽക്കുന്ന ലോകരാഷ്ട്രങ്ങൾ ആധുനിക മദ്ധ്യപൂർവ്വദേശ സംഭവങ്ങളോടുകൂടി കുറെക്കൂടി രൂക്ഷമാകുവാൻ പോവുകയാണു്. ഇപ്പോൾതന്നെ റഷ്യയും അറബിരാഷ്ട്രങ്ങളും ഒരു ചേരിയിലായിക്കഴിഞ്ഞു. ആഫ്രിക്കയിലെ പല രാഷ്ട്രങ്ങളും സഹായ വാഗ്ദാനം ചെയ്തുകഴിഞ്ഞു. അങ്ങനെ റഷ്യയുടെ മേധാവിത്വത്തിൽ ഒരു രാഷ്ട്രീയ സംഘടനയുടെ രൂപം ദൃശ്യമായിക്കഴിഞ്ഞു. "ഒരുങ്ങിക്കൊൾക; നീയും നിന്റെ അടുക്കൽ കൂടിയിരിക്കുന്ന നിന്റെ സമൂഹമൊക്കെയും ഒരുങ്ങിക്കൊൾവിൻ; നീ അവർക്കു മേധാവിയായിരിക്ക". യെഹെ. 38:7.

അദ്ധ്യായത്തിന്റെ ആരംഭത്തിൽ രോശ്, മേശെക്, തുബാൽ എന്നിവയുടെ പ്രഭുവായ മാഗോഗ് ദേശത്തിലെ ഗോഗേ എന്നാണ് സംബോധനചെയ്തിരിക്കുന്നതു്. ഉല്പത്തിപുസ്തകം 10—ാം അദ്ധ്യായത്തിന്റെ വെളിച്ചത്തിലും W. E. Vine—ന്റെ ശബ്ദകോശത്തിന്റെ വെളിച്ചത്തിലും ഇതു് ആധുനികറഷ്യയെ സൂചിപ്പിക്കുന്നു എന്നു വ്യക്തമായി മനസ്സിലാക്കാം.

"വടക്കേഅററത്തുനിന്നു വരും" എന്നുള്ള പ്രയോഗം (V. 15) റഷ്യതന്നെ എന്നു ഉറപ്പിച്ചുപറയുന്നു.

## റഷ്യയോടു ചേർന്നുനിൽക്കുന്ന മററുരാഷ്ട്രങ്ങൾ

6—ാം വാക്യത്തിൽ നാം കാണുന്ന രാഷ്ട്രങ്ങളുടെ പേരു് ശ്രദ്ധിക്കുക.

1) പാർസികരം ഇന്നത്തെ പേർഷ്യ അഥവാ ഇറാൻ—മദ്ധ്യപൂർവ്വദേശത്തെ സൂചിപ്പിച്ചുകൊണ്ടുനിൽക്കുന്നു.

2) കൂശ്യർ—ആഫ്രിക്കയിലെ പ്രധാനരാഷ്ട്രമായ എത്യോപ്യയാണിതു്.

3) പൂത്യർ—ലിബിയ എന്ന പേരിൽ അറിയപ്പെടുന്ന ആധുനികരാഷ്ട്രമാണിതു്.

4) ഗോമെർ—Gomer എന്നപേരിൽനിന്നാണു് ആധുനിക Germany—രൂപംകൊണ്ടിരിക്കുന്നതു്.

5) തോഗർമ്മ—ആധുനിക തുർക്കിയെ സൂചിപ്പിക്കുന്നു.

ഈ രാഷ്ട്രങ്ങളുടെ എല്ലാം പിൻബലത്തോടുകൂടി റഷ്യ യിസ്രായേലിനു് എതിരായി യിസ്രായേൽ മലകളിൽ കൂടും എന്നു വ്യക്തമായിപറയുന്നു (V. 8).

## സമരത്തിൻെറ സമയം

"ജാതികളുടെ ഇടയിൽനിന്നു വന്നു അവർ നിർഭയമായി വസിക്കും". (V. 8).

കഴിഞ്ഞ രണ്ടായിരംവർഷങ്ങളോളമായി ഭൂമിയിൽ ചിതറികിടന്ന യഹൂദൻ നാടകീയമായി ചേർക്കപ്പെടുകയും 1948 മേയ് 14-ാംതീയതി അവർക്കു ഒരു രാഷ്ട്രം ലഭിക്കയും ചെയ്തതു് ലോകചരിത്രത്തിലെ അത്ഭുതസത്യങ്ങളിലൊന്നാണു്. എന്നാൽ അവർ ഇന്നു് നിർഭയരായിട്ടല്ല വസിക്കുന്നതു്. അവർക്കു് ഒരു താൽക്കാലിക സമാധാനകാലം ഉണ്ടാകാൻപോകുന്നതു് എഴുപതാം ആഴ്ചവട്ടത്തിൻെറ ആദ്യപകുതിയിലാണു്. വരുവാനിരിക്കുന്ന പ്രഭു അവരുമായി ഒരു താൽക്കാലിക സമാധാന കരാറുണ്ടാക്കും. ആ കാലയളവിലായിരിക്കും റഷ്യയുടെ മുന്നേററം ഉണ്ടാകാൻ പോകുന്നതു്. 12—ാംവാക്യം ഇങ്ങനെ പറയുന്നു. "മട്ടൊഴിയാതെ മതിലും ഓടാമ്പലും കതകും കൂടാത നിർഭയം വസിച്ചു സൈ്വരമായിരിക്കുന്നവരുടെ നേരെ ഞാൻ ചെല്ലും എന്നും നീ പറയും".

## യുദ്ധത്തിൻെറ ലക്ഷ്യം

"നീ കൊള്ളയിടുവാനോ വന്നതു്? കവർച്ചചെയ്വാനും വെള്ളിയും പൊന്നും എടുത്തുകൊണ്ടു പോകുവാനും കന്നുകാലികളേയും ധനത്തേയും അപഹരിപ്പാനും ഏററവും വലിയ കൊള്ളനടത്തുവാനും ആകുന്നുവോ നീ നിൻെറ സമൂഹത്തെ കൂട്ടിയിരിക്കുന്നതു് എന്നു പറയും (38:13).

റഷ്യയുടേയും കൂട്ടരുടേയും യുദ്ധലക്ഷ്യം യിസ്റായേലിനെ കൊള്ളയടിക്കുക എന്നുള്ളതാണ്. ലോകത്തിലെ ഏററവും ചെറിയ രാജ്യങ്ങളിലൊന്നായ യിസ്റായേലിനെ കൊള്ളയടിക്കുവാൻതക്കവണ്ണമുള്ള സാമ്പത്തിക ഉന്നമനം ആ രാജ്യത്തിനുണ്ടാകുമോ? ആധുനിക സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നതു് അതു സാധിക്കുമെന്നാണ്; ചാവുകടലിലെ രാസവസ്തുസമ്പത്തുതന്നെ വലിയ നിക്ഷേപമെന്നാണ്. ഈ അടുത്തകാലത്തു പ്രസിദ്ധീകരിച്ച ഒരു കണക്കിൻ പ്രകാരം ചാവുകടലിലെ രാസവസ്തുസമ്പത്തു് ഡോളർവിലയിൽ കാണുക.

Chemical wealth. $ 1, 270, 000, 000, 000 Potash $ 70 ബില്യൻ. Bromine $ 26. ബില്യൻ. കാർഷിക വ്യാവസായികരംഗങ്ങളിലും യിസ്റായേൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ആ രാജ്യത്തിൻെറ എല്ലാ പുരോഗതിയിലും അസൂയപൂണ്ടു റഷ്യയും പാർശ്വശക്തികളും അതിനെ കൊള്ളയടിക്കുവാൻ ഒരുങ്ങുന്നു എന്നതാണ് പരമാർത്ഥം. എന്നാൽ യിസ്രായേലിനെ തകർക്കുവാൻ വരുന്ന രാഷ്ട്രങ്ങളെ ദൈവം തൻെറ പരിപാടി അനുസരിച്ചു് നേരിടാൻപോകയാണ്.

## അപ്രതീക്ഷിതം

രാഷ്ട്രങ്ങളുടെ പ്രതീക്ഷയെ തകർത്തുകൊണ്ടു് വലിയവനായ ദൈവം ഇടപെടാൻപോകുന്നു. "യിസ്റായേൽ ദേശത്തിനു വിരോധമായി ഗോഗ് വരുന്ന അന്നാളിൽ എൻെറ ക്രോധം എൻെറ മൂക്കിൽ ഉജ്ജ്വലിക്കും" (38:18).

യിസ്രായേൽമലകളിൽ കേന്ദ്രീകരിച്ചിരിക്കുന്ന വലിയ സൈനീകവ്യൂഹത്തെ നേരിടുവാൻ ദൈവം പ്രകൃതിശക്തികളെ ഉപയോഗിക്കുവാൻപോകയാണ്. ഒന്നാമത്തു് ഒരു വലിയ ഭൂകമ്പം യിസ്രായേൽദേശത്തു ഉണ്ടാകും. പട്ടാളം തൽഫലമായി വിഭജിക്കപ്പെടുകയും (38:19) സഹോദരൻ സഹോദരനെതിരെ വാളുയർത്തുകയും ചെയ്യും. അനേകായിരങ്ങൾ വാളിന്റെ വായ്ത്തലയാൽ വീഴും 38:21).

ഭൂകമ്പത്തെ തുടർന്നു് മലകൾ ഇടിഞ്ഞുവീഴും. അനേകർ അങ്ങനെ മരിക്കും. കട്ടുന്നുക്കങ്ങൾ വീഴും. ഇതു പാറക്കെട്ടുകളുടെ വീഴ്ചയാണ്. അതിൽപ്പെട്ടു അനേകർ തകർന്നുപോകും. 38:20. മഹാമാരികൊണ്ടും രക്തംകൊണ്ടുമുള്ള ന്യായവിധി ഉണ്ടാകും (38:22).

പെരുമഴയും, വലിയ ആലിപ്പഴവും ഗന്ധകവും വർഷിപ്പിക്കും (38:23). ഇങ്ങനെ യിസ്റായേൽ മലകളിൽ കൂട്ടംകൂടിയ റഷ്യ, അറബി, എത്യോപ്യ, ലിബിയ, ജർമ്മൻ, തുർക്കി ശക്തികൾ തകർത്തു തരിപ്പണമാക്കപ്പെടും. കഴിഞ്ഞ അനേകംവർഷങ്ങളായി ദൈവാസ്തികൃത്തെ ചോദ്യംചെയ്തവർ ദൈവീകകരങ്ങളാലുള്ള ന്യായവിധി അനുഭവിക്കുമ്പോൾ അവന്റെ മുൻപിൽ അടിപണിയും. അവന്റെ ശത്രുക്കൾ പാദപീഠമാകും എന്നതു് അനുഭാഗികമായി നിവർത്തിക്കപ്പെടും. ഇന്നു ലോകരാഷ്ട്രങ്ങളിലെ ഏററവും വലിയ ശക്തികളിലൊന്നായ റഷ്യയും, റഷ്യയുടെ സഹചാരികളും പൂർണ്ണമായി തകർക്കപ്പെടും.

39—ാം അദ്ധ്യായത്തിൽ അവരുടെ ശവം മറവുചെയ്തു് ദേശം ശുദ്ധീകരിക്കേണ്ടതിന്നു് ഏഴുമാസം എടുക്കും എന്നു പറഞ്ഞിരിക്കുന്നു. 38:19.

മാത്രമല്ല ദേശത്തു് എല്ലായിടത്തും ഇതു ദൃശ്യമാകത്തക്കവണ്ണം ടെലിവിഷനിൽ രംഗം പകർത്തപ്പെടും. 39:21, 22. അങ്ങനെ ലോകരാഷ്ട്രങ്ങളിൽ ഒരു നല്ല പങ്കു കർത്താവിന്റെ ന്യായവിധിയുടെ പാനപാത്രം കുടിക്കും.

## യുദ്ധത്തിൻെറ ലക്ഷ്യം

“നീ കൊള്ളയിടുവാനോ വന്നതു്? കവർച്ചചെയ്വാനും വെള്ളിയും പൊന്നും എടുത്തുകൊണ്ടു പോകുവാനും കന്നുകാലികളേയും ധനത്തേയും അപഹരിപ്പാനും ഏററവും വലിയ കൊള്ളനടത്തുവാനും ആകുന്നുവോ നീ നിൻെറ സമൂഹത്തെ കൂട്ടിയിരിക്കുന്നതു് എന്നു പറയും (38:13).

റഷ്യയുടേയും കൂട്ടരുടേയും യുദ്ധലക്ഷ്യം യിസ്രായേലിനെ കൊള്ളയടിക്കുക എന്നുള്ളതാണു്. ലോകത്തിലെ ഏററവും ചെറിയ രാജ്യങ്ങളിലൊന്നായ യിസ്രായേലിനെ കൊള്ളയടിക്കുവാൻതക്കവണ്ണമുള്ള സാമ്പത്തിക ഉന്നമനം ആ രാജ്യത്തിനുണ്ടാകുമോ? ആധുനിക സ്ഥിതിവിവരക്കണക്കുകഠം വ്യക്തമാക്കുന്നതു് അതു സാധിക്കുമെന്നാണു്; ചാവുകടലിലെ രാസവസ്തുസമ്പത്തുതന്നെ വലിയ നിക്ഷേപമെന്നാണു്. ഈ അടുത്തകാലത്തു പ്രസിദ്ധീകരിച്ച ഒരു കണക്കിൻ പ്രകാരം ചാവുകടലിലെ രാസവസ്തുസമ്പത്തു് ഡോളർവിലയിൽ കാണുക.

Chemical wealth $ 1, 270, 000, 000, 000 Potash $ 70 ബില്യൻ. Bromine $ 26 ബില്യൻ. കാർഷിക വ്യാവസായികരംഗങ്ങളിലും യിസ്രായേൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണു്. ആ രാജ്യത്തിൻെറ എല്ലാ പുരോഗതിയിലും അസൂയപൂണ്ട റഷ്യയും പാർശ്വശക്തികളും അതിനെ കൊള്ളയടിക്കുവാൻ ഒരുങ്ങുന്നു എന്നതാണു് പരമാർത്ഥം. എന്നാൽ യിസ്രായേലിനെ തകർക്കുവാൻ വരുന്ന രാഷ്ട്രങ്ങളെ ദൈവം തൻെറ പരിപാടി അനുസരിച്ചു് നേരിടാൻപോകയാണു്.

## അപ്രതീക്ഷിതം

രാഷ്ട്രങ്ങളുടെ പ്രതീക്ഷയെ തകർത്തുകൊണ്ടു് വലിയവനായ ദൈവം ഇടപെടാൻപോകുന്നു. “യിസ്രായേൽ ദേശത്തിനു വിരോധമായി ഗോഗ് വരുന്ന അന്നാളിൽ എൻെറ ക്രോധം എൻെറ മൂക്കിൽ ഉജ്ജ്വലിക്കും” (38:18).

യിസ്റായേൽമലകളിൽ കേന്ദ്രീകരിച്ചിരിക്കുന്ന വലിയ സൈനീകവ്യൂഹത്തെ നേരിടുവാൻ ദൈവം പ്രകൃതിശക്തികളെ ഉപയോഗിക്കുവാൻപോകയാണ്. ഒന്നാമത്ത് ഒരു വലിയ ഭൂകമ്പം യിസ്രായേൽദേശത്തു ഉണ്ടാകും. പട്ടാളം തൽഫലമായി വിഭജിക്കപ്പെടുകയും (38:19) സഹോദരൻ സഹോദരനെതിരെ വാളുയർത്തുകയും ചെയ്യും. അനേകായിരങ്ങൾ വാളിന്റെ വായ്ത്തലയാൽ വീഴും 38:21).

ഭൂകമ്പത്തെ തുടർന്ന് മലകൾ ഇടിഞ്ഞുവീഴും. അനേകർ അങ്ങനെ മരിക്കും. കട്ടുന്തുക്കൾ വീഴും. ഇതു പാറക്കെട്ടുകളുടെ വീഴ്ചയാണ്. അതിൽപ്പെട്ടു അനേകർ തകർന്നുപോകും. 38:20. മഹാമാരികൊണ്ടും രക്തംകൊണ്ടുമുള്ള ന്യായവിധി ഉണ്ടാകും (38:22).

പെരുമഴയും, വലിയ ആലിപ്പഴവും ഗന്ധകവും വർഷിപ്പിക്കും (38:23). ഇങ്ങനെ യിസ്റായേൽ മലകളിൽ കൂട്ടംകൂടിയ റഷ്യ, അറബി, എത്യോപ്യ, ലിബിയ, ജർമ്മൻ, തുർക്കി ശക്തികൾ തകർത്തു തരിപ്പണമാക്കപ്പെടും. കഴിഞ്ഞ അനേകംവർഷങ്ങളായി ദൈവാസ്തിക്യത്തെ ചോദ്യംചെയ്തവർ ദൈവീകകരങ്ങളാലുള്ള ന്യായവിധി അനുഭവിക്കുമ്പോൾ അവന്റെ മുൻപിൽ അടിപണിയും. അവന്റെ ശത്രുക്കൾ പാദപീഠമാകും എന്നതു് അന്നു ഭാഗികമായി നിവർത്തിക്കപ്പെടും. ഇന്നു ലോകരാഷ്ട്രങ്ങളിലെ ഏററവും വലിയ ശക്തികളിലൊന്നായ റഷ്യയും, റഷ്യയുടെ സഹചാരികളും പൂർണ്ണമായി തകർക്കപ്പെടും.

39—ാം അദ്ധ്യായത്തിൽ അവരുടെ ശവം മറവുചെയ്തു് ദേശം ശുദ്ധീകരിക്കേണ്ടതിന്നു് ഏഴുമാസം എടുക്കും എന്നു പറഞ്ഞിരിക്കുന്നു. 38:19.

മാത്രമല്ല ദേശത്തു് എല്ലായിടത്തും ഇതു ദൃശ്യമാകത്തക്കവണ്ണം ടെലിവിഷനിൽ രംഗം പകർത്തപ്പെടും. 39:21, 22. അങ്ങനെ ലോകരാഷ്ട്രങ്ങളിൽ ഒരു നല്ല പങ്കു കർത്താവിന്റെ ന്യായവിധിയുടെ പാനപാത്രം കുടിക്കും.

## സാത്താന്യശക്തികൾ രണഭൂമിയിലേയ്ക്കു്

റഷ്യൻയുദ്ധം ഒരു തിരശീല ഉയർത്തൽ മാത്രമേ ആയുള്ളു. അതിൻെറ തിക്തഫലം മുഴുവനായി രാഷ്ട്രങ്ങൾ ഏറ്റുവാങ്ങുവാൻപോകുന്നതു് ഹർമ്മഗെദ്ദോനിലാണു്. അന്തിക്രിസ്തുവിൻെറ—ലോകനേതാവിൻെറ—നേതൃത്വത്തിൽ ലോകരാഷ്ട്രങ്ങൾ മുഴുവൻ ക്രിസ്തുവിനെതിരായി യിസ്രായേലിൽ അണിനിരക്കുവാൻ പോകുയാണു്. റഷ്യയുടെ പതനം അന്തിക്രിസ്തുവിൻെറ ഉയർച്ചയ്ക്കു് വഴിതെളിക്കും. 2 തെസ്സ. 2:4—ൽ പറഞ്ഞിരിക്കുംപ്രകാരം "അവൻ ദൈവാലയത്തിലിരുന്നുകൊണ്ടു് ദൈവം എന്നു നടിക്കും". അങ്ങനെ ആഴ്ചവട്ടത്തിൻെറ മദ്ധ്യംകഴിയും. യഹൂദജാതിയുടെ കഷ്ടതയുടെ കാഠിന്യം അത്യുഗ്രമാകും. "യാക്കോബിൻെറ കഷ്ടകാലം" കണ്ണുനീരിൻെറ ദിനങ്ങളായിമാറാൻ പോകയാണു്. കാര്യങ്ങൾ അതിവേഗത്തിൽ ആഴ്ചവട്ടത്തിൻെറ അന്ത്യത്തിലേക്കു നീങ്ങും. ദാനിയേൽ 11—ാം അദ്ധ്യായത്തിലെ വിവരണത്തിലേക്കും തെക്കുനിന്നും വടക്കുനിന്നുമുള്ള ആക്രമണം യിസ്രായേൽ കേന്ദ്രീകരിച്ചു ഉണ്ടാകും. വെളി. 16:16—ലെ ഹർമ്മഗെദ്ദോൻ ലോകരാഷ്ട്രങ്ങളെ രക്തഹാരമിട്ടു സ്വീകരിക്കുവാൻ ഒരുങ്ങുകയാണു്. മഹാദിവസത്തിലെ യുദ്ധത്തിന്നായി പൗരസ്ത്യസൈന്യവും ഒരുങ്ങേണ്ടതായിരിക്കുന്നു. വെളി. 16:12 അനുസരിച്ചു് യൂഫ്രട്ടീസ് നദി വറുകയും പൗരസ്ത്യസൈന്യം അതിനായി ഒരുങ്ങുകയും ചെയ്യും. വെളി. 9:16—ൻെറ വെളിച്ചത്തിൽ പൗരസ്ത്യസൈന്യം 20 കോടി വരും. ഏഷ്യൻരാഷ്ട്രങ്ങളിലെ റഷ്യ ഒഴിച്ചുള്ള പ്രധാനരാഷ്ട്രങ്ങളായ ചൈനയും ഇൻഡ്യയും ഇതിൽപെടുമെന്നു ജനസംഖ്യാനുപാതംവച്ചു് തീരുമാനിക്കാവുന്നതാണു്. അങ്ങനെ ഹർമ്മഗെദ്ദോനിൽ സമ്മേളിക്കുന്ന ലോകരാഷ്ട്രങ്ങളുടെ സൈന്യവ്യൂഹത്തെ—അന്തിക്രിസ്തുവിൻെറ നേതൃത്വത്തെ എൻെറ കർത്താവു തൻെറ സാന്നിദ്ധ്യത്തിൻെറ തേജ

സിൽ—തൻെറ വായിലെ ശ്വാസത്താൽ ഒടുക്കിക്കളയു വാൻപോകയാണു്.

യിസ്രായേൽ തങ്ങളുടെ തെററു ബോദ്ധ്യപ്പെട്ടു് കുലം കുലം ആയി വിലപിച്ചു് സഖരിയാവു 12—ൽ പറഞ്ഞിരിക്കുന്നതുപോലെ കുത്തിയവങ്കലേക്കു നോക്കും. "കർത്താവിൻെറ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ എന്നു് പറയും. വിടുവിക്കുന്നവർ സീയോനിൽനിന്നു വരും. യിസ്രായേലിന്നു രാജ്യം സ്ഥാപിക്കും. ലോകരാഷ്ട്രങ്ങളെ ന്യായംവിധിക്കുന്ന കർത്താവു തൻെറ ജനത്തിനു—അബ്രഹാമിനോടുചെയ്ത വാഗ്ദത്തം നിവർത്തിച്ചുകൊടുക്കും. അവൻെറ പാദം ഒലിവുമലയിൽ ചവിട്ടും—ദാവീദിൻെറ സിംഹാസനം യരുശലേമിൽ സ്ഥാപിക്കപ്പെടും. ലോകരാഷ്ട്രങ്ങൾ എൻെറ കർത്താവിൽനിന്നു നീതി പഠിക്കും. ഒരു രാജാവു് നീതിയോടുകൂടി വാഴും.

## നിൻെറ രാജ്യം വരേണമേ

'നിൻെറ രാജ്യം വരേണമേ' എന്നുള്ള പ്രാർത്ഥന പിന്നീടു പ്രാർത്ഥിക്കേണ്ടിവരില്ല. എൻെറ കർത്താവു—ഒരിക്കൽ കാൽവരിയിലെ ക്രൂശിൽ പാപത്തിനു പരിഹാരം വരുത്തുവാൻ പാപപരിഹാരബലിയായിത്തീർന്നവൻ—മരണത്തെ ജയിച്ചു് ഇന്നു് ഉയരത്തിൽ ജീവിക്കുന്ന കർത്താവു് അനതിവിദൂരഭാവിയിൽ മദ്ധ്യാകാശത്തിൽ വെളിപ്പെട്ടു് തൻെറ ജനത്തെ ചേർത്തു്—ഈ ഭൂമി അന്തിക്രിസ്തുവിൻെറ കൈകളിൽ കൊടുത്തു് കഷ്ടതയുടെ പാനപാത്രം കുടിപ്പിച്ചു്—ലോകരാഷ്ട്രങ്ങളെ തച്ചുടച്ചു് തൻെറ പാദപീഠത്തിലാക്കി—വീണ്ടും ഈ ഭൂമിയിലേക്കുവന്നു് യിസ്രായേലിനു് രാജ്യം യഥാസ്ഥാനത്താക്കി 1000 വർഷം ഭരിക്കും. "അവൻെറ ദാസന്മാർ അവൻെറ മുഖം കാണും. അവർ അവനോടുകൂടെ രാജാക്കന്മാരായി വാഴും" (വെളി. 22:1, 6). നമ്മുടെ കർത്താവു വേഗംവരുന്നു.

—o—